# മലയാളത്തിലെ കാക്ക

"കൂരിരുട്ടിൻെറ കിടാത്തി; എന്നാൽ
സൂര്യപ്രകാശത്തിന്നൂറ്റ തോഴി
ഛീത്തകൾ കൊത്തിവലിക്കുകിലും
ഏറ്റവും വൃത്തി, വെടിപ്പെഴുന്നോൾ"

എന്നാണ് കാക്കയെ കവി വർണ്ണിച്ചിരിക്കുന്നത്. കേരളത്തിലെ ഏറ്റവും സാധാരണമായ പക്ഷിയിനവും കാക്കയാണ്. വീടുകളുടെ പരിസര ശുചീകരണത്തിൽ കാക്കയ്ക്ക് കാര്യമായ പങ്കുണ്ട്. ഹിന്ദു മതാചാരമനുസരിച്ച് ബലികർമ്മങ്ങളിലും, ശ്രാദ്ധകർമ്മങ്ങളിലും പിതൃക്കളുടെ ആത്മാക്കൾ കാക്കയായി വന്നെത്തി പങ്കെടുക്കുന്നു. വീട്ടിൽ ആരെങ്കിലും വിരുന്നുവരാൻ പോകുന്നുണ്ടോ എന്ന് മുൻകൂട്ടി അറിയാനും അറിയിക്കാനും കാക്കക്ക് കഴിയുമെന്ന് പഴമനസ്സുകൾ കരുതുന്നു.

"കദളി വാഴ കയ്യിലിരുന്ന് കാക്കയിന്നു വിരുന്നുവിളിച്ചു...."
എന്ന ചലച്ചിത്രഗാനം ഓർക്കുമല്ലോ.

മലയാളി കറുപ്പിൻേറയും സൂക്ഷ്മദൃഷ്ടിയുടേയും സംഘബോധത്തിൻേറയും പ്രതീകമായി കാണുന്ന കാക്കയുമായി ബന്ധപ്പെട്ട് മലയാളത്തിൽ നിലവിലുള്ള ചില ശൈലികളും പഴഞ്ചൊല്ലുകളും താഴെ കൊടുക്കുന്നു.

**അരിയെറിഞ്ഞാൽ ആയിരം കാക്ക**

സമ്പത്ത് ചെലവാക്കാൻ തയ്യാറുള്ളേടത്ത് അനേകം ആശ്രിതൻമാർ വന്നുചേരും.

**ആയിരം കാക്കക്ക് അരക്കല്ല് മതി**

ദുർബലൻമാരും ഭീരുക്കളും എത്രപേർ ഒത്തുചേർന്നാലും ചെറിയ ഭീഷണിക്കു മുന്നിൽ പതറിപ്പോകും.

**ആലിൻകായ് പഴുത്തപ്പോൾ കാക്കയ്ക്ക് വായ്പുണ്ണ്**

നല്ലകാലം വരുമ്പോൾ അതനുഭവിക്കാൻ പറ്റാത്ത അവസ്ഥ വരിക.

**കാക്കകുളിച്ചാൽ കൊക്കാകുമോ**

സ്വരൂപം മാറ്റാൻ മിനുക്കുപണികൊണ്ടാവില്ല

**കാക്കയുടെ വായിലും പൊന്നിരിക്കും**

തീരെ പ്രതീക്ഷിക്കാത്ത ഇടങ്ങളിലും ഭാഗ്യം കടാക്ഷിച്ചേക്കാം.

**കാക്കതിന്നുന്നതു കോഴിക്കു കണ്ടുകൂടാ.**

ഒരുത്തനു ഗുണമുണ്ടാവുന്നതു അപരനു അസൂയ ഉണ്ടാക്കും.

**കാക്കയ്ക്കും തൻകുഞ്ഞ് പൊൻകുഞ്ഞ്**

എത്ര നിസ്സാരനായാലും ശരി അവനവന് ഏറ്റവും പ്രിയം തൻെറ ആൾക്കാരെയാണ്.



**കാക്കക്കൂട്ടിൽ കല്ലെറിയരുത്**

ദുർബലൻമാരാണെന്നു കരുതി വെറുതെ ചെന്നുപദ്രവിച്ചാൽ ഫലം പ്രതീക്ഷിക്കാത്തതായിരിക്കും.

**കാക്കേടെ കൂട്ടിൽ കുയിലിൻെറ മുട്ട**

സ്വയം പ്രയാസപ്പെടാതെ എളുപ്പത്തിൽ കാര്യം കാണുന്ന സ്വഭാവം.

**ഗണപതിക്കുവെച്ചതു കാക്ക കൊണ്ടുപോവുക**

തുടക്കത്തിൽ തന്നെ അവതാളത്തിലാവുക.

**പശുവിൻെറ ചെള്ളും പോയി, കാക്കക്കു വിശപ്പും മാറി**

ഒരാളെ സഹായിക്കുന്നതുകൊണ്ട് അയാൾക്കും തനിക്കും ഒരുപോലെ മെച്ചമുണ്ടാകുന്ന അവസ്ഥ.

*സമ്പാദകർ:*
*രമ്യ, സൗമ്യ, നിമ്യ*
*മാങ്കുറ്റിപ്പാടം*